ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE:08.07.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ബഹുരാഷ്ട്ര പര്യടനം തുടരുന്നു; ബ്രസീൽ പ്രസിഡന്റുമായി ഇന്ന് കൂടിക്കാഴ്ച്ച നടത്തുന്ന പ്രധാനമന്ത്രി നാളെ നമീബിയയിലെത്തും

   **Prime Minister Narendra Modi's multinational tour continues; PM to meet Brazilian President today, to be in Namibia tomorrow**

2. ഇന്ത്യയുടെ ഓട്ടോമൊബൈൽ വ്യവസായ രംഗം ജപ്പാനെ മറികടന്ന് ആഗോളതലത്തിൽ മൂന്നാം സ്ഥാനത്ത് എത്തിയതായി കേന്ദ്ര ഗതാഗത മന്ത്രി നിതിൻ ഗഡ്കരി 2.

   **India's automobile industry has surpassed Japan to become the third largest in the world, says Union Transport Minister Nitin Gadkari**

3. കേരളത്തിൽ നിപ വ്യാപനത്തിനെതിരെ പ്രതിരോധ പ്രവർത്തങ്ങൾ ഊർജ്ജിതമാക്കി ആരോഗ്യവകുപ്പ്, വയനാട്ടിലും ജാഗ്രതാ നിർദേശം

   **Health Department steps up preventive measures against Nipah outbreak in Kerala, Wayanad on high alert**

4. 2026 ലെ ഹജ്ജിനുള്ള അപേക്ഷാ നടപടികൾക്ക് തുടക്കമായി, ഈ മാസം 31 വരെ അപേക്ഷ സമർപ്പിക്കാം

   **Application process for Hajj 2026 begins, applications can be submitted till 31st of this month**

5. അമ്പെയ്ത്ത് ലോകകപ്പിന്റെ സ്റ്റേജ് 4 മത്സരങ്ങൾക്ക് ഇന്ന് സ്പെയിനിൽ തുടക്കം, ദീപിക കുമാരിയും - ജ്യോതി സുരേഖ വെന്നവും ഇന്ത്യൻ സംഘത്തെ നയിക്കും.

**Archery World Cup Stage 4 which starts at Madrid in Spain tonight , Deepika Kumari and Jyoti Surekha Vennam will lead the Indian contingent.**

&&&&&&&&&&&&&&&&&&

**PM MODI- BRASILIA**

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അഞ്ചു രാജ്യങ്ങളിലേക്കുള്ള സന്ദർശനം പുരോഗമിക്കുന്നു. ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുത്ത ശേഷം പ്രധാനമന്ത്രി ബ്രസീൽ തലസ്ഥാനമായ ബ്രസീലിയയിലെത്തി. ബ്രസീൽ രാഷ്ട്രപതിയുമായുള്ള കൂടിക്കാഴ്ച്ചക്ക് മുന്നോടിയായി പ്രധാനമന്ത്രിക്ക് ആചാരപരമായ സ്വീകരണം നൽകി. പുനരുപയോഗ ഊർജം , കൃഷി , ഭീകരവിരുദ്ധ പ്രവർത്തനങ്ങൾ , രഹസ്യവിവര കൈമാറ്റം എന്നിവയുമായി ബന്ധപ്പെട്ട ധാരണാപത്രങ്ങളിൽ ഇന്ത്യയും ബ്രസീലും ഒപ്പുവയ്ക്കുമെന്ന് ബ്രസീലിലെ ഇന്ത്യൻ അംബാസിഡർ അറിയിച്ചു. 57 വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി ബ്രസീലിയ സന്ദർശിക്കുന്നത്.

&&&&&&&&&&&&&&&&&&&

**PM NAMIBIA-INTRO**

ബഹുരാഷ്ട്ര സന്ദർശനത്തിന്റെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ നമീബിയയിലെ വിൻഡ്ഹോക്കിൽ എത്തും. 27 വർഷങ്ങൾക്ക് ശേഷമാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി നമീബിയ സന്ദർശിക്കുന്നത്. നമീബിയൻ പ്രസിഡൻറിൻറെ പ്രത്യേക ക്ഷണം സ്വീകരിച്ചെത്തുന്ന ശ്രീ.മോദി അദ്ദേഹവുമായി ഉഭയകക്ഷി ചർച്ചകളും നടത്തും. എണ്ണപ്രകൃതിവാതകം ,ഹൈഡ്രോകാർബണുകൾ, അപൂർവ മൂലകങ്ങൾ തുടങ്ങിയ മേഖലകളിലെ സഹകരണം വർദ്ധിപ്പിക്കുന്നതും ഇരുവരും ചർച്ച ചെയ്യും. നമീബിയൻ പാർലമെൻറിൻറേയും ശ്രീ.മോദി അഭിസംബോധന ചെയ്യുന്നുണ്ട്. ധാതുവിഭവങ്ങൾ കൊണ്ട് സമ്പന്നമായ നമീബിയയുമായി വിശാലമായ ഒരു പങ്കാളിത്തമാണ് ഇന്ത്യ പ്രതീക്ഷിക്കുന്നതെന്ന് നമീബിയയിലെ ഇന്ത്യൻ ഹൈ കമ്മീഷ്ണർ രാഹുൽ ശ്രീവാസ്തവ അഭിപ്രായപ്പെട്ടു.

(വോയിസ് )

&&&&&&&&&&&&&&&&&&&

**KERALA-NIPAH**

കേരളത്തിൽ നിപ വ്യാപനത്തിനെതിരെ പ്രതിരോധ പ്രവർത്തങ്ങൾ ഊർജ്ജിതമാക്കി ആരോഗ്യവകുപ്പ് . മലപ്പുറം ജില്ലയിൽ നിപ സ്ഥിരീകരിച്ച സാഹചര്യത്തിൽ വയനാട്ടിലും ജാഗ്രത പാലിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ നിർദ്ദേശം നൽകി. നിപ ബാധയുടെ

സാഹചര്യത്തിൽ പ്രത്യേക OP സേവനങ്ങൾ ഇ-സഞ്ജീവനി ആപ്പിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. നിപ റിപ്പോർട്ട് ചെയ്ത പ്രദേശങ്ങളിലെ വവ്വാലുകളിൽ നിന്നും സാമ്പിൾ ശേഖരിക്കുന്നതിനായി നാഷണൽ വൈറോളജി ഇൻസ്റ്റിട്യൂട്ടിൽ നിന്നും വിദഗ്ദ്ധ സംഘം സംസ്ഥാനത്തെത്തും.

&&&&&&&&&&&&&&&&&&

**PM-JAN DHAN**

സ്ഥിരമായി ഉപയോഗിക്കാത്ത പ്രധാനമന്ത്രി ജൻധൻ അക്കൗണ്ടുകൾ ക്ലോസ് ചെയ്യാൻ ബാങ്കുകൾക്ക് നിർദേശം നൽകി എന്ന മട്ടിലുള്ള വാർത്തകൾ തള്ളി ധനമന്ത്രാലയം.ഇത്തരം അക്കൗണ്ടുകൾ നിരീക്ഷിച്ചു വരികയാണെന്നും,അതാത് അക്കൗണ്ട് ഉടമകളെ ബന്ധപ്പെടാൻ ബാങ്കുകൾക്ക് നിർദേശം നൽകിയിട്ടുണ്ടെന്നും മന്ത്രാലയം അറിയിച്ചു.ജൻധൻ അക്കൗണ്ട് ഉടമകളുടെ എണ്ണത്തിൽ ദിനംപ്രതി വലിയ വർധനവാണ് ഉണ്ടാകുന്നതെന്നും മന്ത്രാലയം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**TRISERVICE CHIEFS-ADDRESS**

സംയുക്ത ദൗത്യ നിർവഹണവുമായി ബന്ധപ്പെട്ടു കര-നാവിക-വ്യോമ സേന മേധാവിമാർ ന്യൂഡൽഹിയിൽ മുതിർന്ന സേന ഉദ്യോഗസ്ഥരെ അഭിസംബോധന ചെയ്തു. സേനകളുടെ ഒരുമിച്ചുള്ള പ്രവർത്തനത്തിന് പ്രതിജ്ഞാബദ്ധരാണെന്ന് തലവന്മാർ ഉറപ്പു നൽകി.ഭാവിയിലെ യുദ്ധ സാഹചര്യങ്ങൾ കണക്കിലെടുത്ത് നാവിക-വ്യോമ നീക്കങ്ങൾക്ക് പ്രത്യേക പ്രാധാന്യം നൽകിക്കൊണ്ടുള്ള പദ്ധതി രൂപീകരണം സംബന്ധിച്ച് ചർച്ചകൾ നടന്നതായി കരസേനാ വൃത്തങ്ങൾ അറിയിച്ചു.

&&&&&&&&&&&&&&&&&&

**HAJJ**

2026 ലെ ഹജ്ജിനുള്ള അപേക്ഷാ നടപടികൾക്ക് തുടക്കമായി. തീർത്ഥാടകർക്ക് ഔദ്യോഗിക ഹജ്ജ് പോർട്ടൽ വഴിയോ , "ഹജ്ജ് സുവിധ" മൊബൈൽ ആപ്ലിക്കേഷൻ വഴിയോ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ് . ഓൺലൈൻ അപേക്ഷാ ജാലകം വഴി ഈ മാസം 31 അർദ്ധ രാത്രി വരെ അപേക്ഷ സമർപ്പിക്കാം. അപേക്ഷകർക്ക് 2026 ഡിസംബർ 31 വരെ സാധുതയുള്ള മെഷീൻ റീഡബിൾ ഇന്ത്യൻ അന്താരാഷ്ട്ര പാസ്പോർട്ട് ഉണ്ടായിരിക്കേണ്ടതാണ്.

&&&&&&&&&&&&&&&&&&

## BIHAR DOMICILE

ബീഹാറിൽ, സ്ത്രീകൾക്ക് സംവരണം ചെയ്തിട്ടുള്ള സർക്കാർ ജോലി തദ്ദേശവാസികൾക്ക് മാത്രമായി പരിമിതപ്പെടുത്താൻ തീരുമാനിച്ച് ബീഹാർ സംസ്ഥാന സർക്കാർ. മുഖ്യമന്ത്രി നിതീഷ് കുമാറിന്റെ അധ്യക്ഷതയിൽ ചേർന്ന മന്ത്രിസഭാ യോഗത്തിലാണ് തീരുമാനം. സർക്കാർ ജോലികളിൽ വനിതാ ഉദ്യോഗാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള 35 ശതമാനം സംവരണം ഇനി മുതൽ ബീഹാറിൽ താമസിക്കുന്ന വനിതാ ഉദ്യോഗാർത്ഥികൾക്ക് മാത്രമേ ലഭ്യമാകൂ. ബീഹാറിന് പുറത്തുള്ള സ്ത്രീകളെ ജനറൽ സ്ഥാനാർത്ഥികളായി പരിഗണിക്കും.

&&&&&&&&&&&&&&&&&&

## PARLIAMENT

പാർലമെന്റിന്റെ വർഷകാല സമ്മേളനം ഈ മാസം 21 മുതൽ ഓഗസ്റ്റ് 12 വരെ നടക്കും. പ്രതിപക്ഷം ആവശ്യപ്പെട്ട പ്രസക്ത വിഷയങ്ങൾ ഈ സമ്മേളനത്തിൽ ചർച്ചയ്ക്ക് വരുമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചു.

&&&&&&&&&&&&&&&&&&

## NATIONAL STRIKE

വിവിധ ആവശ്യങ്ങളുന്നയിച്ച് സംയുക്ത ട്രേഡ് യൂണിയനുകൾ ആഹ്വാനം ചെയ്ത ദേശീയ പണിമുടക്ക് ഇന്ന് അർധരാത്രി മുതൽ ആരംഭിക്കും. ഇന്ന് രാത്രി 12 മണി മുതൽ നാളെ രാത്രി 12 മണി വരെയാണ് പണിമുടക്ക്.

ലേബർ കോഡുകൾ പിൻവലിക്കുക, വിലക്കയറ്റം തടയുക, പൊതുമേഖലാ ഓഹരി വിൽപ്പന അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരം. അതേസമയം, പണിമുടക്ക് രാഷ്ട്രീയ പ്രേരിതമാണെന്ന് കേന്ദ്ര സർക്കാരിനെ പിന്തുണയ്ക്കുന്ന വിവിധ തൊഴിൽ സംഘടനകൾ ആരോപിച്ചു.

&&&&&&&&&&&&&&&&&&

**PLANTATION DRIVE-GADKARI-INTRO**

ഇന്ത്യയുടെ ഓട്ടോമൊബൈൽ വ്യവസായം ജപ്പാനെ മറികടന്ന് ആഗോളതലത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കിയെന്ന് കേന്ദ്ര ഗതാഗത മന്ത്രി നിതിൻ ഗഡ്കരി. ഈ മേഖലയിലെ വളർച്ച രാജ്യത്തെ 4.5 കോടി യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കയറ്റുമതിയിലെ മുന്നേറ്റത്തിനും വഴിവച്ചതായി അദ്ദേഹം പറഞ്ഞു. ഫരീദാബാദ്-നോയിഡ അന്താരാഷ്ട്ര വിമാനത്താവള ഇടനാഴിയിൽ **ഏക് പേഡ് മാ കേ നാം** രണ്ടാംഘട്ട പദ്ധതിയുടെ ഭാഗമായി നടന്ന പരിപാടിയിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

(വോയിസ്)

&&&&&&&&&&&&&&&&&&

**BABY- MALARIA DRUG**

നവജാതശിശുക്കൾക്കും ചെറിയ കുട്ടികൾക്കുമുള്ള ലോകത്തെ ആദ്യ മലേറിയ മരുന്നിന് അംഗീകാരം. സ്വിറ്റ്സർലൻഡ് ആസ്ഥാനമായുള്ള മരുന്ന് നിർമ്മാണ കമ്പനിയായ **നൊവാർട്ടിസ്** വികസിപ്പിച്ചെടുത്ത ***കോർട്ടെം*** എന്ന മരുന്ന് ഉപയോഗിച്ചുള്ള ചികിത്സയ്ക്ക് സ്വിസ് അധികൃതർ അംഗീകാരം നൽകി. സ്വിറ്റ്സർലൻഡിലെ 'മെഡിസിൻസ് ഫോർ മലേറിയ വെഞ്ച്വർ' എന്ന സ്ഥാപനവുമായി സഹകരിച്ചാണ് മരുന്ന് വികസിപ്പിച്ചത്. മലേറിയ ഏറ്റവും ഉയർന്ന നിരക്കിലുള്ള ആഫ്രിക്കൻ രാജ്യങ്ങളിൽ, മരുന്ന് ആഴ്ചകൾക്കുള്ളിൽ ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2023 ൽ മാത്രം അഞ്ചു ലക്ഷത്തിലധികം പേരാണ് ലോകത്ത് മലേറിയ ബാധിച്ച് മരിച്ചത്.

&&&&&&&&&&&&&&&&&&

**ARCHERY**

ഇന്ന് മുതൽ സ്പെയിനിലെ മാഡ്രിഡിൽ ആരംഭിക്കുന്ന അമ്പെയ്ത്ത് ലോകകപ്പിന്റെ സ്റ്റേജ് 4 മത്സരങ്ങളിൽ 16 അംഗ ഇന്ത്യൻ സംഘത്തെ മുൻ ലോക ഒന്നാം നമ്പർ താരം ദീപിക കുമാരിയും ഏഷ്യൻ ഗെയിംസ് സ്വർണ്ണ മെഡൽ ജേതാവ് ജ്യോതി സുരേഖ വെന്നവും നയിക്കും. 49 രാജ്യങ്ങളിൽ നിന്നായി 336 അമ്പെയ്ത്തു താരങ്ങളാണ് ഈ മാസം 13 വരെ നീണ്ടു നിൽക്കുന്ന മത്സരങ്ങളിൽ പങ്കെടുക്കുന്നത്. ഒക്ടോബറിൽ ചൈനയിലെ നാൻജിംഗിൽ നടക്കുന്ന

ലോകകപ്പ് ഫൈനലിലേക്ക് യോഗ്യത നേടാനുള്ള അവസാന ഘട്ട മത്സരങ്ങളാണ് സ്പെയിനിൽ നടക്കുന്നത്.

&&&&&&&&&&&&&&&&&&

## WOMENS T20 INTERNATIONAL

വനിതാ ക്രിക്കറ്റിൽ ഇന്ത്യയും ഇംഗ്ലണ്ടും തമ്മിലുള്ള നാലാമത്തെ T 20 അന്താരാഷ്ട്ര മത്സരം നാളെ മാഞ്ചസ്റ്ററിൽ നടക്കും.ഓവലിൽ നടന്ന അവസാന മത്സരത്തിൽ, അഞ്ച് റൺസിന് ഇംഗ്ലണ്ട് ഇന്ത്യയെ പരാജയപ്പെടുത്തിയിരുന്നു. അഞ്ച് മത്സരങ്ങളുള്ള പരമ്പരയിൽ ഇന്ത്യ നിലവിൽ 2–1ന് മുന്നിലാണ്.പരമ്പരയിലെ അവസാന മത്സരം ഈ മാസം 12 ന് ബിർമിങ്ഹാമിൽ നടക്കും . അതേസമയം, ഇന്ത്യ-ഇംഗ്ലണ്ട് പുരുഷ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിന് മറ്റന്നാൾ വെസ്റ്റ്മിൻസ്റ്ററിൽ തുടക്കമാകും.

&&&&&&&&&&&&&&&&&&

## GOVERNOR

കേന്ദ്ര കൃഷി- കർഷക ക്ഷേമ മന്ത്രാലയത്തിനു കീഴിൽ തിരുവനന്തപുരത്തെ ശ്രീകാര്യത്ത് പ്രവർത്തിക്കുന്ന ICAR കേന്ദ്ര കിഴങ്ങുവർഗ വിള ഗവേഷണ കേന്ദ്രത്തിന്റെ 62-ാം സ്ഥാപക ദിനാഘോഷം വെള്ളിയാഴ്ച ഗവർണർ ശ്രീ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഉദ്ഘാടനം ചെയ്യും. സാങ്കേതികവിദ്യകളുടെയും പ്രസിദ്ധീകരണങ്ങളുടെയും

പ്രകാശനം, ധാരണാപത്ര കൈമാറ്റം എന്നിവ ഗവർണർ നിർവഹിക്കും. തിരുവനന്തപുരം ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി ഡയറക്ടർ ഡോ. സഞ്ജയ് ബെഹാരി വിശിഷ്ടാതിഥിയാകും.

&&&&&&&&&&&&&&&&&&

## STOCKS CLOSE

രാജ്യത്തെ ഓഹരി വിപണികൾ ഇന്ന് നേട്ടത്തോടെ വ്യാപാരം അവസാനിപ്പിച്ചു.മുംബൈ ഓഹരി സൂചിക സെൻസെക്സ് 270 പോയിന്റ് നേട്ടത്തിൽ 83,713 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 61 പോയിന്റ് ഉയർന്ന് 25,523 ലുമാണ് ഇന്ന് വ്യാപാരം അവസാനിപ്പിച്ചത്

&&&&&&&&&&&&&&&&&&

## RAIN KERALA

സംസ്ഥാനത്ത് ഒറ്റപ്പെട്ട മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. മോശം കാലാവസ്ഥ കണക്കിലെടുത്ത് ഈ മാസം 12 വരെ കർണാടക തീരത്ത് നിന്ന് മത്സ്യബന്ധനത്തിന് പോകരുതെന്ന് മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&&&

## TEXAS-FLOOD

അമേരിക്കൻ സംസ്ഥാനമായ ടെക്സസിന്റെ വിവിധ ഭാഗങ്ങളിൽ അതിതീവ്രമഴയെ തുടർന്നുണ്ടായ മിന്നൽ പ്രളയത്തിൽ മരിച്ചവരുടെ എണ്ണം 100 കടന്നു. 40ലേറെ പേരെ ഇനിയും കണ്ടെത്താനുണ്ട്. കാണാതായവർക്കായി തെരച്ചിൽ തുടരുകയാണ്. കെർ കൗണ്ടിയിലാണ് ഏറ്റവും കൂടുതൽ മരണങ്ങൾ റിപ്പോർട്ട് ചെയ്തത്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&